# ആമുഖം

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2025–30 ഭരണ സമിതിയുടെ ഒന്നാമത്തെ ബജറ്റ് 2026–27 സാമ്പത്തിക വർഷത്തിന്റെ ശുഭ പ്രതീക്ഷയിലേക്കുള്ള ചുവടുവെപ്പാണ്. ജനകീയാസൂത്രണം, കേന്ദ്രാവിഷ്കൃത പദ്ധതികൾ തുടങ്ങി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകൾ പ്രദേശത്തിന്റെ വികസനത്തിനും, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഉതകുംവിധം സമയബന്ധിതമായും സുതാര്യമായും വിനിയോഗിക്കുന്നതിന് ജനപ്രതിനിധികളും ജീവനക്കാരും പ്രതിജ്ഞാബദ്ധരാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും ക്ഷേമത്തിനും 2026–27 വാർഷിക ബജറ്റ് ഏറെ സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

(ഒപ്പ്)
**മുഹമ്മദ് അൻഷാദ്**
**പ്രസിഡന്റ്**
**തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്**

**ബഹു മാന്യരേ,**

2025 ഡിസംബർ 21 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ 2025-30 കാലയളവിലേക്കുള്ള ഈ ഭരണസമിതിയുടെ ആദ്യ ബജറ്റായ 2026-27 വർഷത്തേക്കുള്ള ബ്ലോക്ക് പഞ്ചായത്ത് ബജറ്റ് അവതരിപ്പിക്കുന്നതിൽ എനിക്ക് വളരെ ചാരിതാർത്ഥ്യമുണ്ട്. കഴിഞ്ഞ ഭരണസമിതി ലഭ്യമായ ഫണ്ടുകൾ പരമാവധി വിനിയോഗിച്ച് കാര്യക്ഷമമായ വികസന പ്രവർത്തനങ്ങൾ നടത്തി ബ്ലോക്ക് പഞ്ചായത്തിനെ ജില്ലയിലെ തന്നെ മുൻനിരയിൽ എത്തിക്കുന്നതിന് പ്രയത്നിച്ചത് നന്ദിയോടെ ഓർക്കുന്നു. മുൻ ഭരണസമിതി 2025-26 വർഷം തുടങ്ങി വച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിനും സാങ്കേതിക കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിയില്ല എന്നും ബോധ്യപ്പെട്ടവ റിവിഷൻ നടത്തി പ്രയോജനകരമായ മറ്റ പദ്ധതികൾ രൂപീകരിച്ചും കൊണ്ട് നല്ലൊരു തുടക്കത്തിന് നാം ചുവടുകൾ വെച്ചു കഴിഞ്ഞു. കക്ഷി രാഷ്ട്രീയങ്ങൾക്കതീതമായി ബ്ലോക്ക് പഞ്ചായത്തിനറെ വികസന പ്രവർത്തനങ്ങൾക്ക് ഒറ്റക്കെട്ടായി നിൽക്കുവാൻ നമുക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.,

ഇടവെട്ടി, കുമാരമംഗലം, കരിങ്കുന്നം, മണക്കാട്, മുട്ടം, പുറപ്പുഴ എന്നീ ആറ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രദേശം അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന തൊടുപുഴ പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളാണ്. പട്ടണത്തിന്റെ വളർച്ചയോടൊപ്പം നമ്മുടെ ഓരോ ഗ്രാമപഞ്ചായത്തു പ്രദേശങ്ങളും അടിസ്ഥാന സൌകര്യങ്ങളിലും ജീവിത നിലവാരത്തിലും പുരോഗതി കൈവരിക്കേണ്ടതുണ്ട്. വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് പര്യാപ്തമായ ഫണ്ട് ലഭ്യമല്ല എന്നുള്ളത് പദ്ധതി നടത്തിപ്പിന് തടസ്സം നിൽക്കുമ്പോഴും ലഭ്യമാകുന്ന മുഴുവൻ ഫണ്ടും ഉപയോഗിച്ച് ഫലപ്രദമായ പദ്ധതികൾ രൂപീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്. ദീർഘവീക്ഷണത്തോടെയുള്ള പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിംഗ് സമയബന്ധിതമായ പൂർത്തീകരണം എന്നിവയ്ക്ക് ഭരണ സമിതിയുടെ കൂട്ടായ പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്.

തനത് വരുമാനം വളരെ കുറച്ചു മാത്രമുള്ള ബ്ലോക്ക് പഞ്ചായത്താണ് നമ്മുടേത്. സംസ്ഥാന സർക്കാർ നൽകുന്ന പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയാണ് പ്രധാന ഫണ്ട് സ്രോതസ്സുകളായി ബ്ലോക്ക് പഞ്ചായത്തിനുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) (PMAY(G)), MP, MLA മാർ എന്നിവരുടെ പ്രാദേശിക വികസന ഫണ്ടുകൾ, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് (FRW), ഹെൽത്ത് ഗ്രാന്റ് എന്നിവയും വരുമാന മാർഗ്ഗമായി ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിഹിതവും കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

2026-27 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റിലെ അനുബന്ധം 2 പ്രകാരം നമുക്ക് ലഭിക്കുന്ന പദ്ധതി വിഹിതം തുകയായ 2,95,20,000/- (രണ്ട് കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി ഇരുപതിനായിരം) രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റായ 78,50,000/- രൂപയും മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) തുകയായ 27,87,000/- (ഇരുപത്തിയേഴ് ലക്ഷത്തി എൺപത്തിയേഴായിരം) രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് 88,67,000/- (എൺപത്തിയെട്ട് ലക്ഷത്തി അറുപത്തിയേഴായിരം) രൂപയും ഉൾപ്പെടുത്തിയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

സംസ്ഥാന ബജറ്റ് പ്രകാരം 2026-27 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിനുള്ള ബജറ്റ് വിഹിതമായി ജനറൽ വിഭാഗത്തിൽ 2,33,57,000/- രൂപ, പട്ടികജാതി വികസന ഫണ്ടിനത്തിൽ 54,99,000/- രൂപ, പട്ടിക വർഗ്ഗ ഉപപദ്ധതി ഫണ്ടിനത്തിൽ 6,64,000/- രൂപ, എന്നിവ ഉൾപ്പെടെ ആകെ 2,95,20,000/- രൂപയാണ് പദ്ധതി വിഹിതമായി ലഭിക്കുക. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ 78,50,000/- രൂപ പ്രതീക്ഷിത വരവായി ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

PMAY (G), LIFE മുതലായ നിർബന്ധിത പദ്ധതികൾക്ക് ആവശ്യമായ തുക GENERAL, SCP, TSP എന്നിവയുടെ ആകെ തുകയിൽനിന്നും കുറവു ചെയ്ത ശേഷം പശ്ചാത്തല മേഖലയിൽ നിശ്ചിത അനുപാതത്തിലും ബാക്കി തുക ഉൽപാദന, സേവന മേഖലകളിലും ഉൾപ്പെടുത്തിയുള്ള ചെലവിനങ്ങൾ ബജറ്റ് വർഷം ലക്ഷ്യമിടുന്നു.

**<u>ഉൽപാദന മേഖല</u>**

ഉൽപാദന മേഖലയിൽ കൃഷി, ക്ഷീര വികസനം, എന്നീ മേഖലകൾക്കാണ് പ്രധാനമായും തുക വകയിരുത്തിയിട്ടുള്ളത്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി നെൽകൃഷിക്ക് കൂലിച്ചിലവ് പദ്ധതിയ്ക്കായി 3,50,000/- രൂപയും അഗ്രോ ഫാർമസി / പ്ലാൻറ് ഹെൽത്ത് ക്ലിനിക്കിൻറെ സേവനങ്ങൾമെച്ചപ്പെടുത്തൽ എന്ന പദ്ധതിയ്ക്കായി 1,50,000/- രൂപയും വകയിരുത്തുന്നു. ക്ഷീര കർഷകരുടെ കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം പദ്ധതിയ്ക്കായി 14,00,000/- രൂപയും ക്ഷീര കർഷകർക്ക് പാലിന് സബ്സിഡിയായി 12,05,680/- രൂപയും വകയിരുത്തുന്നു.

വനിതാ ഘടക പദ്ധതിയായി, ഉൽപാദന മേഖലയിൽ സമൂഹത്തിലെ സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ പുരോഗതി ലക്ഷ്യം വച്ച് കൊണ്ട് വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>സേവന മേഖല</u>**

**<u>PMAY (G) / LIFE ഭവന പദ്ധതി</u>**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമ പഞ്ചായത്തുകളിലും ഉൾപ്പെട്ട ഭവന രഹിതരും AWAS PLUS ൽ രജിസ്റ്റർചെയ്തിരുന്നവരുമായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായമായി വിവിധ സ്രോതസ്സുകളിൽനിന്നും 4 ലക്ഷം രൂപ

അനുവദിക്കുന്നതിന് യോഗ്യരായ 213 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളതാണ്. ആയതിൽ മതിയായ രേഖകൾഹാജരാക്കിയ 166 ഗുണഭോക്താക്കളെ സാംഗ്ഷൻചെയ്ത് ധന സഹായം അനുവദിച്ച് വിവിധ ഘട്ടങ്ങളിൽ നിർമ്മാണം പുരോഗമിച്ചു വരികയാണ്. ഭവന നിർമ്മാണ പദ്ധതിയ്ക്കായി ജനറൽഫണ്ടിൽനിന്നും 60,20,000/- രൂപയും SCP ഫണ്ടിൽനിന്നും 3,36,000/- രൂപയും തനത് ഫണ്ടിൽനിന്നും 24,00,000/- രൂപയും ഉൾപ്പെടെ ആകെ 87,56,000/- രൂപ വകയിരുത്തുന്നു.

**കുട്ടികൾ / വൃദ്ധർ / വികലാംഗർ ക്ഷേമ പദ്ധതികൾ.**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഭിന്നശേഷി വിദ്യാർത്ഥികൾക്ക് Scholarship നൽകുന്നതിനായി ബ്ലോക്ക് വിഹിതമായി പദ്ധതി വിഹിതത്തിൽനിന്നും 16,00,000/- രൂപ വകയിരുത്തുന്നു. അനുപൂരക പോഷകാഹാര വിതരണ പദ്ധതിക്കായി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിന് 1,50,000/- രൂപയും അഗതി കേരളം പദ്ധതിയ്ക്കായി(EPIP) 25000/- രൂപയും വകയിരുത്തുന്നു. കൂടാതെ ഭിന്നശേഷി കലോൽസവത്തിനായി 1,00,000/- രൂപയും വകയിരുത്തുന്നു.

**ആരോഗ്യ പരിപാലനം**

സാധാരണ ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്ന പുറപ്പുഴ, മുട്ടം CHC കളിലേക്ക് മരുന്നു വാങ്ങുന്നതിനായി മെയിൻറെനൻസ് ഗ്രാൻഡിൽനിന്നും 7,50,000/- രൂപ വകയിരുത്തുന്നു. പുറപ്പുഴ CHC യിലെ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി 4,42,430/- രൂപയും പാലിയേറ്റീവ് Home Care പദ്ധതിക്കായി 3,00,000/- രൂപയും വകയിരുത്തുന്നു. മുട്ടം CHC യിലെ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി 2,00,000/- രൂപയും പാലിയേറ്റീവ് Home Care പദ്ധതിക്കായി 3,00,000/- രൂപയും വകയിരുത്തുന്നു. കൂടാതെ മുട്ടം CHC യുടെ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് വിഹിതമായി 1,00,000/- രൂപയും പുറപ്പുഴ CHC യുടെ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് വിഹിതമായി 2,00,000/- രൂപയും വകയിരുത്തുന്നു.

**സ്പോർട്സ്, യുവജനക്ഷേമം, ടൂറിസം**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള യുവ കലാകാരൻമാർക്ക് വജ്ര ജൂബിലി ഫെല്ലോഷിപ്പിനായി പദ്ധതി വിഹിതത്തിൽ നിന്നും 4,50,000/- രൂപ വകയിരുത്തിയിട്ടുണ്ട്. 2026-27 ലെ കേരളോത്സവം നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും 150000/- രൂപ വകയിരുത്തുന്നു.

**കുടിവെള്ളം/ശുചിത്വം/ജലസേചന പദ്ധതികൾ**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടിനത്തിൽ അനുവദിക്കുന്ന തുക രൂപ 50:50 ക്രമത്തിൽ കുടിവെള്ളം, ശുചിത്വം മേഖലകൾക്കായി വകയിരുത്തുന്നതാണ്. കുടിവെള്ള പദ്ധതികൾ, പൈപ്പ് ലൈനുകൾ മാറ്റൽ, പൊതു ടോയ് ലെറ്റുകൾ, ഓട

നിർമ്മാണം മുതലായ പദ്ധതികൾ 2026-27 വർഷത്തേക്കുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രഖ്യാപിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണ്.

**<u>പശ്ചാത്തല മേഖല</u>**

മണക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 1,2,3,10,14 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ 500000/- രൂപ, പുറപ്പുഴ ഗ്രാമപഞ്ചായത്ത് 3,4,5 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ 500000/- രൂപ, പുറപ്പുഴ ഗ്രാമപഞ്ചായത്ത് 7,9,10,11,12,13,14 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ 500000/- രൂപ, നടയം ശാസ്താംപാറ സ്കൂൾ റോഡ് കോൺക്രീറ്റ് & ടൈൽ പാകൽ 300000/- രൂപ, നടയം വെള്ളിലാംതൊട്ടി റോഡ് കോൺക്രീറ്റ് & ടൈൽ പാകൽ 200000/- രൂപ, കാക്കൊമ്പ് - പച്ചിലംകുന്ന് റോഡ് റീടാറിംഗ് 500000/- രൂപ, എള്ളുപുറം സാംനഗർ റോഡിൽ ഐറിഷ് ഓട നിർമ്മാണം 200000/-, മൈലക്കൊമ്പ് ഋഷി ഐ.റ്റി.സി റോഡ് റീടാറിംഗ് 500000/- രൂപ, വാഴക്കാല തെക്കുംപുറം തൈമറ്റം റോഡ് ടാറിംഗ് 500000/- രൂപ, എട്ടുവര പുന്നമറ്റം റോഡ് ടൈൽ വിരിക്കൽ 500000/- രൂപ, കരിങ്കുന്നം ഇടയാടി റോഡ് റീടാറിംഗ് 500000/- രൂപ അമ്പാട്ട് എസ്.സി നഗർ സംരക്ഷണഭിത്തി നിർമ്മാണം 400000/- രൂപ, കുമാരമംഗലം വിജ്ഞാൻവാടി സംരക്ഷണഭിത്തി നിർമ്മാണവും കെട്ടിട മെയിന്റനൻസും 600000/- രൂപ എന്നീ അടിയന്തര പ്രാധാന്യമുള്ള പദ്ധതികൾക്കാണ് പശ്ചാത്തല മേഖലയിൽ തുക വകയിരുത്തിയിരിക്കുന്നത്.

**<u>പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ</u>**

പട്ടികജാതി കലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ ധനസഹായം 313000/- രൂപ, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി പദ്ധതിക്കായി 30,00,000/- രൂപയും ഈസി കിച്ചൺ പട്ടികജാതി പദ്ധതി ഏറ്റെടുക്കുന്ന പഞ്ചായത്തിന് ബ്ലോക്ക് വിഹിതം 15,00,000/- രൂപ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൈപുണ്യ പരിശീലനം 3,50,000/- രൂപ, പട്ടികവർഗ്ഗ കലാകാരൻമാർക്ക് വാദ്യോപകരണങ്ങൾ വാങ്ങൽ ധനസഹായം 2,65,000/- രൂപ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി പദ്ധതിക്കായി 2,00,000/- രൂപയും പി.എം.എ.വൈ (ജി) എസ്.സി.പി വിഭഗത്തിന് 3,36,000/- രൂപയും വകയിരുത്തിയിരിക്കുന്നു.

**<u>മെയിറ്റനൻസ് ഗ്രാന്റ്</u>**

മെയിൻറനൻസ് ഗ്രാൻറിൽപെടുത്തി പുറപ്പുഴ മുട്ടം സി എച്ച് സികൾക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി 7,50,000/- രൂപയും ദൈനംദിന ചെലവുകൾക്കായി 7,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി 2,95,000./- രൂപ വകയിരുത്തുന്നു. കൂടാതെ എസ്.സി ഓഫീസിലേക്ക് ഇൻവെർട്ടർ, യു.പി.എസ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ 1,00,000/- രൂപ, മുട്ടം സി.എച്ച്.എസിക്ക് ആശുപത്രി ഉപകരണങ്ങൾ, ഫർണ്ണീച്ചറുകൾ, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് 2,00,000/- രൂപ, സി.ഡി.പി.ഒ ഓഫീസിന്

അതിർത്തി തിരിക്കൽ പൂർത്തീകരണത്തിനായി 3,00,000/- രൂപ എന്നീ തുകകളും മെയിൻറനൻസ് ഗ്രാൻറിൽ വകയിരുത്തിയിരിക്കുന്നു. .

## ഹെൽത്ത് ഗ്രാന്റ്

ധനകാര്യ കമ്മീഷൻ ഗ്രാൻറിലെ ഹെൽത്ത് ഗ്രാൻറിൽ 2024-25 വർഷം അനുവദിച്ചിരുന്ന 2895000/- രൂപയിൽ നടപ്പാക്കി വരുന്ന പുറപ്പുഴ സി എച്ച് ലാബ് പൂർത്തീകരണം സി എച്ച് സി യിലേക്ക് ഫർണിച്ചർ, ഉപകരണങ്ങൾ, വിവരസാങ്കേതിക ഉപകരണങ്ങൾ എന്നിവ വാങ്ങൽ ഹെൽത്ത് ലാബിൻറെ ആവർത്തന ചെലവുകൾ എന്നീ പദ്ധതികൾ നിലവിൽ തുടരുന്നവയാണ്.

## MPLAD, MLASDF, FRW ഫണ്ടുകൾ

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ റോഡുകളുടെ നിർമാണം പുനരുദ്ധാരണം മറ്റ് മരാമത്ത് പ്രവർത്തികൾ എന്നിവയ്ക്കായി ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും എഫ് ആർ ഡബ്ലിയു സ്കീമിൽ നിന്നും ചെറിയതുകകൾ മാത്രമാണ് 2025-26 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. 2026-27 വർഷത്തിൽ എംഎൽഎ എസ്.ഡിഎഫ് ഇനത്തിൽ 50,00,000/- രൂപയും എംപിലാഡ്സ് സ്കീമിൽ 50,00,000/- രൂപയും വെള്ളപൊക്ക ദുരിതാശ്വാസ പദ്ധതിയിൽ 30,00,000/- രൂപയും പ്രതീക്ഷിത വരവുകളായി ഉൾപ്പെടുത്തിയിരിക്കുന്നു.

## MGNREGS

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊടുപുഴ ബ്ലോക്കിന്റെ പരിധിയിലുള്ള ഇടവെട്ടി, കരിങ്കുന്നം, കുമാരമംഗലം, മണക്കാട്, മുട്ടം, പുറപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ എല്ലാ വാർഡുകളിലും പ്രവർത്തികൾ നല്ല രീതിയിൽ നടന്നു വരുന്നുണ്ട്.

സമൂഹത്തിലെ സ്ത്രീകളുടെ കാര്യശേഷിയും അദ്ധ്വാനവും ഫലപ്രദമായി ഉപയോഗിക്കുവാനും ക്രീയാത്മകമായി പ്രവർത്തനങ്ങൾ രൂപപ്പെടുത്തി ഫലപ്രാപ്തിയിലെത്തിക്കുവാനും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് അധിക കുടുംബവരുമാനം ലഭ്യമാക്കുവാനും ഈ പദ്ധതി സഹായിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ കുടുംബത്തിൽപെട്ടതും അംഗവൈകല്യമുള്ളവർക്കും വിധവകൾക്കും മറ്റും പ്രത്യേക പരിഗണനനൽകി അവരുടെ സ്ഥലങ്ങളിൽ ഭൂവികസനം, ജലസേചനം, മഴക്കുഴി, കല്ലുകയ്യാലതുടങ്ങിയ പ്രവർത്തികൾ ചെയ്യുന്നു. ജലസ്രോതസ്സുകളുടെ നവീകരണം, പാഴ്ഭൂമി കൃഷിക്കനുയോജ്യമാക്കൽ, ഗ്രാമീണറോഡിന്റെ വികസനം, മണ്ണ്, ജല ജൈവ സംരക്ഷണ പ്രവർത്തനങ്ങൾ, വൃക്ഷത്തൈനടീൽ, നീർത്തട പ്രദേശങ്ങളിൽ നീർച്ചാൽ പുനരുദ്ധാരണം, ഗള്ളി പ്ലഗ്ഗിംഗ്, തോടുകൾക്ക് സംരക്ഷണ ഭിത്തി തുടങ്ങിയ പ്രവർത്തികളാണ് കൂടുതലായും

ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നത്. വ്യക്തിഗത ആസ്തി പ്രവർത്തികളായ ആട്ടിൻകൂട്, പശുത്തൊഴുത്ത്, കോഴിക്കൂട്, കമ്പോസ്റ്റ്പിറ്റ്, സോക്ക്പിറ്റ്, LIFE, PMAY വീടിന് 90 തൊഴിൽദിനം നൽകൽ മുതലായ പ്രവർത്തികളും കൂടുതലായിചെയ്യുന്നു.

നാടിന്റെ പുരോഗതിക്കായി പല നല്ല പ്രവർത്തികൾക്കും തുടക്കമിടാൻ കഴിഞ്ഞതും അത്തരത്തിൽ ജനങ്ങളിൽ അവബോധം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. ജലസ്രോതസിനേയും ജൈവസമ്പത്തിനേയും മണ്ണിനേയും പരിരക്ഷിക്കാൻ തൊഴിലുറപ്പ് പദ്ധതി മൂലം സാധിച്ചു. റോഡിന്റെയും തോടിന്റെയും ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മാലിന്യനിർമാർജ്ജനവും പരിസ്ഥിതിസംരക്ഷണവും സാധ്യമാകുന്നതിന് ഈ പദ്ധതി വളരെയേറെ സഹായിച്ചിട്ടുണ്ട്.

MGNREGS പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷം ഫെബ്രുവരി 27 വരെ **5 കോടി 8 ലക്ഷം** രൂപ ചെലവഴിച്ചിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തേക്ക് **6,00,00,000/-** രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതുവരെ ഈ സാമ്പത്തിക വർഷം **287** പേര് **100** ദിവസം പണി പൂർത്തീകരിച്ചിട്ടുണ്ട്.

## ജനറൽ പർപ്പസ് ഫണ്ട്

ബ്ലോക്ക് പഞ്ചായത്തിലെ ദൈനംദിന ഭരണനിർവ്വഹണ ചെലവുകൾക്കും ജനപ്രതിനിധികളുടെ ഹോണറേറിയം മുതലായ ചെലവുകൾക്കും സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കുന്ന ചെലവുകൾക്കുമായുള്ള ഫണ്ടാണ് ജനറൽ പർപ്പസ് ഗ്രാൻറ് 2026-27 വർഷത്തേക്കുള്ള ബ്ലോക്ക് വിഹിതം 88,67,000/- രൂപയാണ് ഇതിന് പുറമേ 2025-26 ലെ കെട്ടിടങ്ങളുടെ വാടക മുതലായവ തനത് വരവുകളും ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു.

മുൻ ഭരണസമിതി തുടങ്ങി വച്ച ജനോപകാര പ്രദമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നാം പ്രതിജ്ഞാബദ്ധമാണ്. ഭരണസമിതിയുടെ വികസന കാഴ്ചപ്പാടും ലക്ഷ്യബോധവും ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെയും ഇടപെടൽ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടെയും സമയബന്ധിതമായ പ്രവർത്തനങ്ങൾ, ജില്ലാ പഞ്ചായത്തിൻറെയും ഗ്രാമപഞ്ചായത്തുകളുടെയും സഹകരണങ്ങൾ, എം.പി, എം.എൽ.എ എന്നിവരുടെ വികസന ഫണ്ടുകൾ എന്നിവയെല്ലാം പ്രയോജനപ്പെടുത്തി. 2026-27 വർഷം ലഭ്യമാകുന്ന മുഴുവൻ ഫണ്ടും ചെലവഴിച്ച് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയും എന്ന ആത്മവിശ്വാസത്തോടെ **19,03,64,676/- രൂപ വരവും 18,26,26,000/- രൂപ ചെലവും 77,38,676/- രൂപ മിച്ചവും** പ്രതീക്ഷിക്കുന്ന 2026-27 ലെ വാർഷിക ബഡ്ജറ്റ് ഏവരുടെയും ചർച്ചകൾക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

റ്റിസി ജോബ്
വൈസ് പ്രസിഡന്റ്
ചെയർമാൻ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

# തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് –2026–27

## വരവുകൾ

| | വരവിനം | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2025–26) | 2026–27വർഷത്തെ ബജറ്റ് |
|---|---|---|---|
| | **മുൻ നീക്കിയിരിപ്പ്** | **6292255** | **14001676** |
| | **നികുതിയിതര വരവുകൾ** | | |
| **1** | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | **60000** | **75000** |
| **2** | കോൺഫറൻസ് ഹാൾ വാടക | **25000** | **35000** |
| **3** | ഫൈനുകളും പെനാലിറ്റികളും | **10000** | **15000** |
| **4** | പാഴ്വസ്തുക്കളുടെ വില്പന വരവ് | **5000** | **10000** |
| | ആകെ നികുതിയിതര വരവുകൾ | **100000** | **135000** |
| **5** | ജനറൽ പർപ്പസ് ഫണ്ട് | **16594864** | **8867000** |
| | **ആകെ തനത് വരവ്** | **16694864** | **9002000** |
| | **വികസന ഫണ്ട്** | | |
| **6** | ഡെവലപ്മെന്റ് ഫണ്ട് ജനറൽ | **15667000** | **23357000** |
| **7** | ഡെവലപ്മെന്റ് ഫണ്ട് എസ്.സി.പി | **5288000** | **5499000** |
| **8** | ഡെവലപ്മെന്റ് ഫണ്ട് ടി.എസ്.പി | **612000** | **664000** |
| **9** | ധനകാര്യ കമ്മീഷന് ഗ്രാന്റ് | **7297027** | **7850000** |
| | **ആകെ** | **28864027** | **37370000** |
| | സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകള് (നോൺ പ്ലാന്) | | |
| **10** | മെയ്റ്റനൻസ് – റോഡിതര ആസ്തികൾ | **3293000** | **2787000** |
| **11** | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി | **2500000** | **3000000** |
| **12** | എം.എല് .എ.എസ്.ഡി.എഫ് സ്കീം | **2500000** | **5000000** |
| | **ആകെ** | **8293000** | **10787000** |
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | |
| **13** | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | **55000000** | **60000000** |
| **14** | പി.എം.എ.വൈ (കേന്ദ്രവിഹിതം) ജനറൽ | **25200000** | **20496000** |
| **15** | പി.എം.എ.വൈ (കേന്ദ്രവിഹിതം) SCP | **1170000** | **0** |
| **16** | എം.പി.എല് .എ.ഡി സ്കീം | **3000000** | **5000000** |
| **17** | സ്വച്ഛ് ഭാരത് മിഷന്– ഗ്രാമീൺ | **2220000** | **2500000** |
| **18** | ഹെൽത്ത് ഗ്രാന്റ് | **0** | **0** |
| | **ആകെ** | **86590000** | **87996000** |

| | | | |
|---|---|---|---|
| | **മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ** | | |
| **19** | പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | **22540000** | **14798000** |
| **20** | പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | **30910000** | **10010000** |
| **21** | ധനകാര്യസ്ഥാപനങ്ങളില് നിന്നുളള വായ്പ | **18049114** | **5000000** |
| | **ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ** | **71499114** | **29808000** |
| | **ഡെപ്പോസിറ്റുകൾ** | | |
| **22** | റിട്ടെൻഷൻ | **75000** | **100000** |
| **23** | ലേലം ഡെപ്പോസിറ്റ് | **0** | **50000** |
| **24** | മറ്റ് ഡെപ്പോസിറ്റുകൾ | **0** | **10000** |
| **25** | ഇലക്ഷന് ഡെപ്പോസിറ്റ് | **180000** | **0** |
| | **ആകെ** | **255000** | **160000** |
| | **മറ്റ് വരവുകൾ (Liabilities)** | | |
| **26** | വർക്കുകളിൽ നിന്നുളള ഇന്കം ടാക്സ് | **50000** | **100000** |
| **27** | തൊഴിലാളി ക്ഷേമനിധി വിഹിതം | **35000** | **40000** |
| **28** | വർക്കുകളിൽ നിന്നുളള ജി.എസ്.റ്റി | **70000** | **80000** |
| **29** | വാടകയിൽ നിന്നുളള ജി.എസ്.റ്റി | **15000** | **20000** |
| **30** | MGNREGS നുളള അഡ്വാൻസ് തിരിച്ചടവ് | **850000** | **1000000** |
| | **ആകെ** | **1020000** | **1240000** |
| | **ആകെ വരവുകൾ** | **213216005** | **176363000** |
| | **മുൻ നീക്കിയിരിപ്പ് ഉൾപ്പെടെ ആകെ വരവ്** | **219508260** | **190364676** |

| | ചെലവുകൾ | | |
|---|---|---|---|
| | ചെലവിനം | നടപ്പ് വർഷത്തെ പുതുക്കിയ ബജറ്റ് (2025-26 | 2026-27 വർഷത്തെ ബജറ്റ് |
| | തനത് റവന്യൂവിൽ നിന്നുള്ള നിർബ്ബന്ധിത ചെലവുകൾ | | |
| | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | | |
| 31 | ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം | 250000 | 300000 |
| 32 | വേതനം/കൂലി | 500000 | 500000 |
| 33 | ദിവസ വേതനക്കാർക്കുള്ള യാത്രാപടി | 10000 | 10000 |
| 34 | ദിവസ വേതനക്കാർക്കുള്ള ഉത്സവ ബത്ത | 4000 | 4000 |
| 35 | സ്ഥിരജീവനക്കാർക്കുള്ള യാത്രാപ്പടി | 5000 | 7500 |
| 36 | സെക്രട്ടറിയുടെ ടെലഫോൺ അലവൻസ് | 5000 | 5000 |
| 37 | പ്രസിഡന്റിന്റെ ടെലിഫോൺ അലവൻസ് | 5000 | 5000 |
| 38 | വൈസ് പ്രസിഡൻടിന്റെ ടെലിഫോൺ അലവൻസ് | 5000 | 5000 |
| 39 | ഹോണറേറിയം-പ്രസിഡന്റ്,വൈസ് പ്രസിഡന്റ്,സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, മെമ്പർമാർ | 1750000 | 2600000 |
| 40 | പ്രസിഡന്റ്,വൈസ് പ്രസിഡന്റ്,സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, മെമ്പർമാർ എന്നിവരുടെ സിറ്റിംഗ് അലവന്സ് | 110000 | 250000 |
| 41 | പ്രസിഡന്റ്,വൈസ് പ്രസിഡന്റ്,സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, മെമ്പർമാർ എന്നിവരുടെ യാത്രപ്പടി | 35000 | 150000 |
| | ആകെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 2679000 | 3836500 |

| | ഭരണപരമായ ചെലവുകൾ | | |
|---|---|---|---|
| 42 | ഓഫീസിന്റെ വൈദ്യുതി ചാർജ്ജ് | 75000 | 85000 |
| 43 | ബ്ലോക്കിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളുടെ വൈദ്യുത ചാര്ജ്ജ് | 7500 | 10000 |
| 44 | ഓഫീസ് വാട്ടർ ചാർജ് | 30000 | 35000 |
| 45 | ഓഫീസിന്റെ ടെലിഫോൺ ചാർജ്ജ് | 40000 | 45000 |
| 46 | മെമ്പര്ഷിപ്പ്/വരിസംഖ്യ | 20000 | 100000 |
| 47 | പ്രിന്റിങ്, സ്റ്റേഷനറി ചിലവുകൾ | 40000 | 150000 |
| 48 | വര്ക്ക് ഷോപ്പ്/സെമിനാറുകൾ | 0 | 100000 |
| 49 | കേരളോത്സവം | 150000 | 200000 |
| 50 | ഓഫീസ് വാഹനങ്ങളുടെ ഇൻഷുറൻസ് തുക | 30000 | 35000 |
| 51 | തപാൽ ചെലവുകൾ | 3000 | 5000 |
| 52 | പത്ര പരസ്യം ,ടെണ്ടര് പരസ്യചാര്ജ്ജ് | 15000 | 75000 |
| 53 | ലഘുഭക്ഷണ ചെലവുകള് | 250000 | 300000 |
| 54 | പ്രൊഫഷണൽ/മറ്റ് ഫീസുകൾ | 10000 | 10000 |
| 55 | മറ്റ് ഭരണപരമായ ചെലവുകൾ | 500000 | 750000 |
| 56 | സർക്കാർ ഉത്തരവ്പ്രകാരമുള്ള സംഭാവനകളും ഡൊണേഷനുകളും | 500000 | 700000 |
| 57 | ഓഫീസ് വാഹനങ്ങളുടെ ഇന്ധന ചെലവ് | 300000 | 500000 |
| 58 | വാഹനങ്ങളുടെ റിപ്പയര്, മെയ്റ്റനൻസ് ചെലവുകൾ | 200000 | 250000 |
| 59 | ഓഫീസ് ഉപകരണങ്ങളുടെ റിപ്പയർ ചിലവ് | 225000 | 250000 |
| 60 | മറ്റ് പ്രവർത്തന/മെയിന്റനൻസ് ചെലവുകൾ | 0 | 100000 |
| | ആകെ ഭരണപരമായ ചെലവുകൾ | 2395500 | 3700000 |

| | | | |
|---|---|---|---|
| | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതി ചെലവുകൾ | | |
| 61 | പദ്ധതി ചെലവുകൾ | 8525943 | 6500000 |
| | ആകെ | 8525943 | 6500000 |
| | ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള ആകെ ചെലവുകൾ | 13600443 | 14036500 |
| | ഡെപ്പോസിറ്റുകൾ-തിരികെ നൽകൽ | | |
| 62 | റിട്ടെൻഷൻ | 75000 | 100000 |
| 63 | ലേലം ഡെപ്പോസിറ്റ് | 0 | 50000 |
| 64 | മറ്റ് ഡെപ്പോസിറ്റുകൾ | 0 | 10000 |
| | ആകെ | 75000 | 160000 |
| | റിക്കവറികൾ തിരിച്ചടവ് | | |
| 65 | വർകളിൽ നിന്നുള്ള ഇൻകം ടാക്സ് | 50000 | 100000 |
| 66 | തൊഴിലാളി ക്ഷേമനിധി വിഹിതം | 35000 | 40000 |
| 67 | വർക്കുകളിൽ നിന്നുള്ള ജി.എസ്.റ്റി | 70000 | 80000 |
| 68 | വാടകയിൽ നിന്നുള്ള ജി.എസ്.റ്റി | 15000 | 20000 |
| 69 | MGNREGS നുള്ള അഡ്വാൻസ് | 850000 | 1000000 |
| | ആകെ | 1020000 | 1240000 |
| | വികസന ഫണ്ട് | | |
| 70 | വികസന ഫണ്ട് -ജനറൽ | 15667000 | 23357000 |
| 71 | വികസന ഫണ്ട് -പട്ടികജാതി വിഭാഗം | 5288000 | 5499000 |
| 72 | വികസന ഫണ്ട് -പട്ടികവർഗ്ഗ വിഭാഗം | 612000 | 664000 |
| 73 | ധനകാര്യ കമ്മീഷന് ഗ്രാന്റ്-ടൈഡ് | 5134027 | 5500000 |
| 74 | ധനകാര്യ കമ്മീഷന് ഗ്രാന്റ്- ബേസിക് ഗ്രാന്റ് | 2163000 | 2350000 |
| | ആകെ വികസന ഫണ്ട് | 28864027 | 37370000 |
| | സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകള് (നോൺ പ്ലാന്) | | |
| 75 | മെയ്റ്റനൻസ് – റോഡിതര ആസ്തികൾ | 3293000 | 2787000 |
| 76 | വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി | 2500000 | 3000000 |
| | ആകെ | 5793000 | 5787000 |
| | സംസ്ഥാനാവിഷ്കൃത സ്കീം ഫണ്ടുകൾ (പ്ലാന്) | | |
| 77 | എം.എല്.എ.എസ്.ഡി.എഫ് സ്കീം | 2500000 | 5000000 |
| 78 | ശുചിത്വ മിഷൻ ഗ്രാന്റ് | 2220000 | 2500000 |
| | ആകെ | 4720000 | 7500000 |

| | | | |
|---|---|---|---|
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | |
| **79** | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി | **55000000** | **60000000** |
| **80** | പി.എം.എ.വൈ (കേന്ദ്രവിഹിതം) | **25200000** | **20496000** |
| **81** | എം.പി.എല് .എ.ഡി സ്കീം | **3000000** | **5000000** |
| **82** | ഹെൽത്ത് ഗ്രാന്റ് | **2550000** | **1200000** |
| | **ആകെ** | **85750000** | **86696000** |
| | **മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ** | | |
| **83** | പി.എം.എ.വൈ ജില്ലാ പഞ്ചായത്ത് വിഹിതം | **22540000** | **14798000** |
| **84** | പി.എം.എ.വൈ ഗ്രാമ പഞ്ചായത്ത് വിഹിതം | **30910000** | **10038500** |
| **85** | ധനകാര്യസ്ഥാപനങ്ങളില് നിന്നുള്ള വായ്പ | **18049114** | **5000000** |
| | ആകെ മറ്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടുകൾ | **71499114** | **29836500** |
| | **ആകെ ചെലവുകൾ** | **205506584** | **182626000** |
| | **നീക്കിയിരിപ്പ്** | **14001676** | **7738676** |